**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1318** **14-03-2022 - ൽ മറുപടിയ്ക്ക്**

**സമഗ്ര ശിക്ഷ കേരളം പദ്ധതിയിലെ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ ശമ്പളം.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഷാഫി പറമ്പിൽ** | | **null**<br>**(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സമഗ്ര ശിക്ഷ കേരളം പദ്ധതിയിൽ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരായി ജോലി ചെയ്യുന്നവരുടെ ശമ്പളയിനത്തിലുള്ള സംസ്ഥാന സർക്കാർ വിഹിതം 7000 രൂപയിൽ നിന്നും 4000 രൂപയായി കുറച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സമഗ്രശിക്ഷാ കേരളം പദ്ധതിയിൽ സ്പെഷ്യലിസ്റ്റ് അധ്യാപകരായി ജോലി ചെയ്യുന്നവർക്ക് പ്രതിമാസം 7000/-രൂപയാണ് ശമ്പളയിനത്തിൽ കഴിഞ്ഞ മൂന്നു വർഷമായി കേന്ദ്രസർക്കാർ തുക വകയിരുത്തിയിട്ടുള്ളത്. ഇതിന്റെ 60% തുക കേന്ദ്രവിഹിതവും (4200രൂപ) 40% തുക സംസ്ഥാന വിഹിതവും (2800രൂപ) ആണ്. 7000/-രൂപ വളരെ കുറവായതിനാൽ സ്പെഷ്യലിസ്റ്റ് അധ്യാപകരുടെയും ജനപ്രതിനിധികളുടെയും എം.എൽ.എമാരുടെയും സമഗ്രശിക്ഷാ കേരളത്തിന്റെയും ആവശ്യപ്രകാരം സംസ്ഥാന സർക്കാർ 7000/-രൂപ കൂടി അധിക വിഹിതമായി അനുവദിക്കുകയും അതനുസരിച്ച് സ്പെഷ്യലിസ്റ്റ് അധ്യാപകർക്ക് പ്രതിമാസം 14000/-രൂപ ശമ്പളമായി നൽകുകയും ചെയ്തിരുന്നു. 2021-22 വർഷം സ്പെഷ്യലിസ്റ്റ് അധ്യാപകർക്ക് നിശ്ചിത പ്രതിമാസ നിരക്ക് പറയാതെ ആകെ 17.89കോടി രൂപയാണ് ശമ്പളയിനത്തിൽ കേന്ദ്രസർക്കാർ വകയിരുത്തിയിട്ടുള്ളത്. ഈ വർഷത്തെ പ്രോജക്ട് സമർപ്പിക്കുന്ന വേളയിൽ കരട് നിർദ്ദേശപ്രകാരം സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ പ്രതിമാസ വേതനം 10,000/-രൂപയാകും എന്ന് പറഞ്ഞിരുന്നു. എന്നാൽ പ്രോജക്ട് അപ്രൂവൽ ബോർഡ് മീറ്റിംഗ് മിനിറ്റ്സിൽ ഇക്കാര്യം സൂചിപ്പിക്കാതെ സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ വേതനം നൽകുന്ന ശീർഷകത്തിൽ ആകെ 17 കോടി രൂപ വകയിരുത്തുകയാണ് ഉണ്ടായത്. നിലവിലുള്ള 2685 തസ്തികകളിൽ സ്പെഷ്യലിസ്റ്റ് അധ്യാപകരെ നിയമിച്ച് പ്രതിമാസം 7000/-രൂപ നിരക്കിൽ ശമ്പളം നൽകുന്നതിന് 22.554കോടി രൂപ (2685x7000x12മാസം) ആവശ്യമുള്ളപ്പോഴാണ് 17 കോടി രൂപ കേന്ദ്രം വകയിരുത്തിയത്. ഇക്കാര്യം സംസ്ഥാന സർക്കാർ പരിശോധിക്കുകയും സ്പെഷ്യലിസ്റ്റ് അധ്യാപകർക്ക് കഴിഞ്ഞ വർഷങ്ങളിൽ ലഭിച്ചുകൊണ്ടിരുന്ന 14000/- |

| | | | |
|---|---|---|---|
| | | | രൂപ തന്നെ പ്രതിമാസം നൽകാൻ തീരുമാനിക്കുകയുമുണ്ടായി. ഇതിനായി സംസ്ഥാന സർക്കാർ അധിക വിഹിതമായി 7000/-രൂപ കൂടി അനുവദിക്കുകയാണ് ചെയ്തിട്ടുള്ളത്. അടുത്ത വർഷത്തെ പ്രോജക്ട് പ്രൊപ്പോസൽ സമർപ്പിക്കുമ്പോൾ സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ പ്രതിമാസ വേതനം വർദ്ധിപ്പിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം ഓഫീസ് അറ്റെൻഡന്റമാർക്ക് ലഭിക്കുന്നതിനേക്കാൾ കുറഞ്ഞ ശമ്പളമാണ് പ്രസ്തുത അദ്ധ്യാപകർക്ക് ലഭിക്കുന്നത് എന്നത് പരിഗണിച്ചുകൊണ്ട് സംസ്ഥാന വിഹിതം ഉയർത്തി മാന്യമായ ശമ്പളം നൽകുന്നതിന് നടപടി സ്വീകരിക്കുമോ;വിശദാംശം നൽകുമോ? | (ബി) | സമഗ്രശിക്ഷാ കേരളം പദ്ധതിയിൽ സ്പെഷ്യലിസ്റ്റ് അധ്യാപകരായി ജോലി ചെയ്യുന്നവർക്ക് പ്രതിമാസം 7000/-രൂപയാണ് ശമ്പളയിനത്തിൽ കഴിഞ്ഞ മൂന്നു വർഷമായി കേന്ദ്രസർക്കാർ തുക വകയിരുത്തിയിട്ടുള്ളത്. ഇതിന്റെ 60% തുക കേന്ദ്രവിഹിതവും (4200രൂപ) 40% തുക സംസ്ഥാന വിഹിതവും (2800രൂപ) ആണ്. 7000/-രൂപ വളരെ കുറവായതിനാൽ സ്പെഷ്യലിസ്റ്റ് അധ്യാപകരുടെയും ജനപ്രതിനിധികളുടെയും എം.എൽ.എമാരുടെയും സമഗ്രശിക്ഷാ കേരളത്തിന്റെയും ആവശ്യപ്രകാരം സംസ്ഥാന സർക്കാർ 7000/-രൂപ കൂടി അധിക വിഹിതമായി അനുവദിക്കുകയും അതനുസരിച്ച് സ്പെഷ്യലിസ്റ്റ് അധ്യാപകർക്ക് പ്രതിമാസം 14000/-രൂപ ശമ്പളമായി നൽകുകയും ചെയ്തിരുന്നു. 2021-22 വർഷം സ്പെഷ്യലിസ്റ്റ് അധ്യാപകർക്ക് നിശ്ചിത പ്രതിമാസ നിരക്ക് പറയാതെ ആകെ 17.89കോടി രൂപയാണ് ശമ്പളയിനത്തിൽ കേന്ദ്രസർക്കാർ വകയിരുത്തിയിട്ടുള്ളത്. ഈ വർഷത്തെ പ്രോജക്ട് സമർപ്പിക്കുന്ന വേളയിൽ കരട് നിർദ്ദേശപ്രകാരം സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ പ്രതിമാസ വേതനം 10,000/-രൂപയാകും എന്ന് പറഞ്ഞിരുന്നു. എന്നാൽ പ്രോജക്ട് അപ്രൂവൽ ബോർഡ് മീറ്റിംഗ് മിനിറ്റ്സിൽ ഇക്കാര്യം സൂചിപ്പിക്കാതെ സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ വേതനം നൽകുന്ന ശീർഷകത്തിൽ ആകെ 17 കോടി രൂപ വകയിരുത്തുകയാണ് ഉണ്ടായത്. നിലവിലുള്ള 2685 തസ്തികകളിൽ സ്പെഷ്യലിസ്റ്റ് അധ്യാപകരെ നിയമിച്ച് പ്രതിമാസം 7000/-രൂപ നിരക്കിൽ ശമ്പളം നൽകുന്നതിന് 22.554കോടി രൂപ (2685x7000x12മാസം) ആവശ്യമുള്ളപ്പോഴാണ് 17 കോടി രൂപ കേന്ദ്രം വകയിരുത്തിയത്. ഇക്കാര്യം സംസ്ഥാന സർക്കാർ പരിശോധിക്കുകയും സ്പെഷ്യലിസ്റ്റ് അധ്യാപകർക്ക് കഴിഞ്ഞ വർഷങ്ങളിൽ ലഭിച്ചുകൊണ്ടിരുന്ന 14000/-രൂപ തന്നെ പ്രതിമാസം നൽകാൻ തീരുമാനിക്കുകയുമുണ്ടായി. ഇതിനായി സംസ്ഥാന സർക്കാർ അധിക വിഹിതമായി 7000/-രൂപ കൂടി അനുവദിക്കുകയാണ് ചെയ്തിട്ടുള്ളത്. അടുത്ത വർഷത്തെ പ്രോജക്ട് പ്രൊപ്പോസൽ |

| | | | |
|---|---|---|---|
| | | | സമർപ്പിക്കുമ്പോൾ സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ പ്രതിമാസ വേതനം വർദ്ധിപ്പിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതാണ്. |

സെക്ഷൻ ഓഫീസർ